(സി) പ്രസ്തുത സർവ്വീസുകൾക്ക് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള റണ്ണിംഗ് സമയം പര്യാപ്തമാകയാൽ, ഈ സർവ്വീസുകൾ നിർത്തലാക്കുകയോ റണ്ണിംഗ് സമയം കുറയ്ക്കുകയോ ചെയ്യേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

(ഡി) പ്രസ്തുത കാലയളവിൽ ഒരു ഡിപ്പോയും 4 ബസ്സ് ഡിപ്പോയും ആരംഭിച്ചിട്ടുണ്ട്. കാസർഗോഡ് നിലവിലുണ്ടായിരുന്ന സബ് ഡിപ്പോ, ഡിപ്പോയായി ഉയർത്തി. ചിറ്റൂർ, പൊടുപുഴ, ചടയമംഗലം, വെള്ളനാട് എന്നിവിടങ്ങളിൽ ബസ്സ് ഡിപ്പോകൾ ആരംഭിച്ചു.

## കെ.എസ്.ആർ.ടി.സി. യിലെ ഡ്രൈവർമാരുടെ നിയമനം

**(340)** <u>ശ്രീ. എം. നാരായണൻ (കുഴൽമന്ദം)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. യിലെ റിസർവ് ഡ്രൈവർമാരുടെ റാങ്ക് ലിസ്റ്റ് പി.എസ്.സി. പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) വിവിധ ജില്ലകളിലായി കെ.എസ്.ആർ.ടി.സി.യിൽ നിലവിൽ ഇപ്പോൾ ബസ്സ് ഡ്രൈവർമാരുടെ എത്ര ഒഴിവുകളാണ് ഉള്ളതെന്ന് ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(സി) പി.എസ്.സി റാങ്കുലിസ്റ്റിൽ നിന്നും നിയമനം എന്നത്തേയ്ക്ക് ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ;

(ഡി) നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരവും എംപാനൽ ആയിട്ടും സംസ്ഥാനത്ത് വിവിധ ജില്ലകളിൽ എത്ര ഡ്രൈവർമാരെ നിയമിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വിവിധ ജില്ലകളിലായി 6727 റിസർവ് ഡ്രൈവർമാരുടെ ഒഴിവുകളാണ് ഉള്ളത്. അവയുടെ ജില്ലതിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| തിരുവനന്തപുരം | - | 2748 |
| കൊല്ലം | - | 709 |
| പത്തനംതിട്ട | - | 246 |
| ആലപ്പുഴ | - | 577 |
| കോട്ടയം | - | 350 |
| ഇടുക്കി | - | 77 |
| എറണാകുളം | - | 382 |
| തൃശ്ശൂർ | - | 285 |
| പാലക്കാട് | - | 226 |
| മലപ്പുറം | - | 106 |
| കോഴിക്കോട് | - | 192 |
| വയനാട് | - | 270 |
| കണ്ണൂർ | - | 350 |
| കാസർഗോഡ് | - | 197 |

(സി) പി.എസ്.സിയിൽ നിന്നും റിസർവ് ഡ്രൈവർ നിയമനത്തിനായുള്ള അഡ്വൈസ് ലിസ്റ്റ് ലഭിച്ചാലുടൻ തന്നെ നിയമന നടപടികൾ ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്തുള്ള എല്ലാ ജില്ലകളിലുമായി 4133 ഡ്രൈവർമാർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും 1771 പേർ എംപാനൽ വ്യവസ്ഥയിലും ജോലി നോക്കുന്നു. അവരുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

| | ജില്ല | എംപ്ലോയ്മെന്റ് വഴി നിയമനം ലഭിച്ചിട്ടുള്ള ഡ്രൈവർമാർ | എംപാനൽ വഴി നിയമിച്ചവർ |
|---|---|---|---|
| 1. | തിരുവനന്തപുരം | 1511 | 707 |
| 2. | കൊല്ലം | 526 | 141 |
| 3. | പത്തനംതിട്ട | 167 | 55 |
| 4. | ആലപ്പുഴ | 352 | 142 |
| 5. | കോട്ടയം | 265 | 109 |
| 6. | ഇടുക്കി | 44 | 28 |
| 7. | എറണാകുളം | 142 | 161 |
| 8. | തൃശ്ശൂർ | 102 | 117 |
| 9. | പാലക്കാട് | 102 | 72 |
| 10. | മലപ്പുറം | 46 | 46 |
| 11. | കോഴിക്കോട് | 95 | 56 |
| 12. | വയനാട് | 100 | 80 |
| 13. | കണ്ണൂർ | 225 | 33 |
| 14. | കാസർഗോഡ് | 148 | 03 |

## കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ഡി.എ.

**(341)** ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ഇപ്പോൾ എത്ര ശതമാനം ഡി.എ. ആണ് നൽകിവരുന്നത്;

(ബി) സംസ്ഥാന ജീവനക്കാർക്ക് നൽകിവരുന്ന ഡി.എ.ക്ക് ഇതുമായി എന്തു വ്യത്യാസമുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ ജീവനക്കാർക്ക് അനുവദിച്ച ഡി.എ, കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ എന്നേയ്ക്ക് നൽകാനാകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 16% ഡി.എ. നൽകുന്നു.

(ബി) 6% വ്യത്യാസമുണ്ട്.

(സി) 6% ഡി.എ. ജൂൺ മാസ ശമ്പളത്തിൽ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. സർക്കാർ 10% ഡി.എ. കൂടി ജീവനക്കാർക്കു നൽകാൻ തീരുമാനമായിട്ടുണ്ട്. ആ 10% ഡി.എ. കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് നൽകുന്നകാര്യം തീരുമാനമായിട്ടില്ല.

(ഡി) കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തികനില ഭദ്രമാക്കുന്നതനുസരിച്ച് ഡി.എ. കുടിശ്ശികയായ 10% നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly